**പതിനാലാം കേരള നിയമസഭ**

**പത്താം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 3535**

**15.03.2018 ലെ മറുപടിയ്ക്ക്**

**സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിൽ വാഹനങ്ങളുടെ ഇൻഷ്വറൻസ്**

| | ചോദ്യം | ഉത്തരം |
|---|---|---|
| **ശ്രീ.ഡി.കെ. മുരളി** | | **ഡോ: ടി. എം.തോമസ് ഐസക്**<br>ബഹു: ധനകാര്യവും കയറും വകുപ്പുമന്ത്രി |
| എ | സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിൽ വാഹനങ്ങൾ ഇൻഷ്വർ ചെയ്യുന്നതിന് നിലവിലുള്ള ചട്ടങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ; | 1972-ലെ ജനറൽ ഇൻഷ്വറൻസ് ബിസിനസ്സ് (ദേശസാത്കരണം) ആക്ടിന്റെ 36(1)എ വകുപ്പ് പ്രകാരം സർക്കാർ, അർദ്ധ സർക്കാർ പൊതുമേഖല സ്ഥാപനങ്ങൾ തുടങ്ങി സംസ്ഥാന സർക്കാർ നേരിട്ടോ സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക സഹായത്താൽ പ്രവർത്തിക്കുന്നതോ ആയ എല്ലാ സ്ഥാപനങ്ങളുടേയും മോട്ടോർ വാഹന ഇൻഷ്വറൻസുകൾ സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് മുഖാന്തിരം ചെയ്യുന്നു. |
| ബി | സർക്കാർ വാഹനങ്ങൾ മാത്രമാണോ ഈ വകുപ്പ് മുഖാന്തിരം ഇൻഷ്വർ ചെയ്യാൻ കഴിയുന്നത്; | അല്ല. സർക്കാരിന് സാമ്പത്തിക താല്പര്യമുള്ള അർദ്ധ സർക്കാർ, പൊതുമേഖലാ, സഹകരണ സ്ഥാപനങ്ങളിൽ നിന്ന് വായ്പയെടുത്തിട്ടുള്ള സ്വകാര്യ വാഹനങ്ങളും സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് മുഖാന്തിരം ഇൻഷ്വറൻസ് ചെയ്യാവുന്നതാണ്. ഇതൊഴികെ മറ്റേതൊരു സ്വകാര്യ വാഹനവും സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് വഴി ഇൻഷ്വർ ചെയ്യുന്നതിന് നിലവിലുള്ള ഇൻഷ്വറൻസ് നിയമങ്ങൾ അനുവദിക്കുന്നില്ല. |
| സി | എങ്കിൽ സ്വകാര്യ വാഹനങ്ങൾ കൂടി ഇൻഷ്വർ ചെയ്യുന്നതിനുള്ള സംവിധാനം ഒരുക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | |

അക്കൗണ്ട്സ് ഓഫീസർ